ക്യൂ.ഐ.പി 1/43611/ 2015//DPI

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി, 02.06.2015.

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും,
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

സർ,

വിഷയം:- പൊ.വി - സ്മാർട്ട് ചിൽഡ്രൻ ഒരുക്കം 2015 പ്രവർത്തന പാക്കേജ് ക്ലാസ്സ് റൂമിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ അദ്ധ്യാപകർക്ക് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- എസ്.എസ്.എ ഡയറക്ടറുടെ കത്ത് നം.പി3/1307/15 തീ.29.5.2015.

******

2015-16 അധ്യയന വർഷം പ്രൈമറി/അപ്പർ പ്രൈമറി ക്ലാസ്സുകളിലെ പഠന നിലവാരം ഉയർത്തുന്നതിലേക്കായി എസ്.എസ്.എ തയ്യാറാക്കിയ ഒരുക്കം 15 എല്ലാ സ്കൂളുകളിലും എത്തിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കേണ്ട പൊതു നിർദ്ദേശങ്ങൾ തയ്യാറാക്കി ഇതോടൊപ്പം നൽകുന്നു. ആയതിൻ പ്രകാരം പഠന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ പ്രഥമാദ്ധ്യാപകർക്കും/ അദ്ധ്യാപകർക്കും നൽകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം.- പൊതുനിർദ്ദേശങ്ങൾ

J.L

## പൊതുനിർദ്ദേശങ്ങൾ

പ്രൈമറി, അപ്പർപ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ പഠനനിലവാരം ഉറപ്പുവരുത്തുവാനായി 'Smart Children' എന്ന പേരിൽ വിവിധ പരിപാടികൾ ഈ വർഷം നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി **'ഒരുക്കം15'** എന്ന ഒരു പ്രവർത്തനപാക്കേജ് തയാറാക്കി നല്കുകയാണ്.

- 3, 5, 7 ക്ലാസുകളിലെ മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങൾക്കായി ഒരു പ്രീടെസ്റ്റ് ടൂൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- പ്രീ – ടെസ്റ്റിലൂടെ പഠനത്തിൽ സഹായം ആവശ്യമായ കുട്ടികളെ കൃത്യമായി കണ്ടെത്താൻ കഴിയും. ഇപ്രകാരം കണ്ടെത്തുന്ന വിവരങ്ങൾ ടീച്ചർ സ്വന്തം ആവശ്യത്തിനായി ടീച്ചിംഗ് മാന്വലിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും **'ഒരുക്കം15'**-ലെ പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുമ്പോൾ പ്രയോജനപ്പെടുത്തുകയും വേണം.

- മേൽ സൂചിപ്പിച്ച ക്ലാസുകളിലെ ആദ്യപാഠഭാഗങ്ങളിൽ നല്കാനുള്ള പ്രവർത്തനങ്ങളാണ് നല്കിയിരിക്കുന്നത്. ഇതിലൂടെ ടെക്സ്റ്റ്ബുക്കിലെയും ടീച്ചർ ടെക്സ്റ്റിലെയും ആദ്യപ്രവർത്തനങ്ങളിലേക്ക് കടക്കുവാൻ കുട്ടിയെ സഹായിക്കാം.

- ഈ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ പ്രീടെസ്റ്റ് ടൂൾതന്നെ ഉപയോഗിച്ച് പോസ്റ്റ് ടെസ്റ്റ് നടത്തേണ്ടതാണ്. മേൽപ്രവർത്തനഫലമായി കുട്ടികൾക്ക് എത്രമാത്രം മികവുണ്ടായി എന്ന് അതിലൂടെ വ്യക്തമാകും.

- തുടർന്നുള്ള യൂണിറ്റുകളിലും മുന്നറിവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അധ്യാപകർ സ്വയം വികസിപ്പിച്ച് പഠനത്തിൽ പ്രശ്നം നേരിടുന്ന കുട്ടികളെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- കുട്ടികളുടെ പ്രതികരണങ്ങൾ ഓരോ ക്ലാസിലും വ്യത്യസ്ഥമായിരിക്കും എന്നതിനാൽ അധ്യാപകർ എപ്രകാരമാണ് കുട്ടിയെ സഹായിക്കേണ്ടതെന്നും എഡിറ്റിംഗ് പ്രക്രിയ എങ്ങനെ നടത്തണമെന്നുമെല്ലാമുള്ള വിശദവിവരങ്ങൾ പ്രവർത്തനപാക്കേജിൽ ഉൾപ്പെടുത്തിയിട്ടില്ല.

- കൂടുതൽ ആസൂത്രണം ഇതിലെ ഓരോ പ്രവർത്തനത്തിലും അധ്യാപകർ ഏറ്റെടുത്ത് ഫലപ്രദമായി നടപ്പിലാക്കുമെന്ന് വിശ്വസിക്കുന്നു.

- ഇത്തരം പ്രവർത്തനങ്ങൾ വേറിട്ട പ്രവർത്തനങ്ങളായി ഒരിക്കലും മാറുവാൻ പാടുള്ളതല്ല മറിച്ച് പാഠപുസ്തകവുമായി ബന്ധപ്പെടുത്തി തുടർപ്രവർത്തനങ്ങളായാണ് നടക്കേണ്ടത്.

www.ranjithkumarak.blogspot.in